**പതിമൂന്നാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2526      18.02.2016-ലെ മറുപടിക്ക്

<u>പട്ടികജാതി കോളനികളുടെ സമഗ്ര വികസന പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.രാധാകൃഷ്ണൻ** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി കോളനികളുടെ സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കോളനികളിൽ വികസനം പൂർണ്ണമായും നടപ്പിലാക്കിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | 19 കോളനികളിൽ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു |
| (ബി) | ഇനി ഏതെല്ലാം കോളനികളിൽ എതൊക്കെ വർഷങ്ങളിലെ പദ്ധതികളാണ് പൂർത്തിയാകാതെ അവശേഷിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | 2012-13-ൽ 113 കോളനിയും 2013-14-ൽ 102 കോളനിയും ഉൾപ്പെടെ ആകെ 215 കോളനികളെയാണ് സ്വയംപര്യാപ്ത കോളനി പദ്ധതി പ്രകാരംതെരഞ്ഞെടുത്തിരിക്കുന്നത്. ആയതിൽ നിർമ്മാണം പൂർത്തിയാക്കിയ 19 കോളനികൾ കഴിച്ച് ശേഷിക്കുന്ന 196 കോളനികളിലും പദ്ധതി പൂർത്തീകരിക്കാനുണ്ട്. |
| (സി) | ചേലക്കര മണ്ഡലത്തിൽ ഏഴരക്കുന്ന് പട്ടികജാതി കോളനിയുടെ സമഗ്ര വികസന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ; എന്തുകൊണ്ടാണ് ഇവിടെ ഈ പദ്ധതി നടപ്പിലാക്കുവാൻ ഇത്രയും കാലതാമസമുണ്ടായതെന്ന് വ്യക്തമാക്കുമോ; | (സി) | ചേലക്കര മണ്ഡലത്തിലെ ഏഴരക്കുന്ന് കോളനിയിലെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് എസ്റ്റിമേറ്റ് ലഭിക്കുകയും ആയതിന് ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>കോളനിയിലെ പ്രവൃത്തികൾ ചെയ്യുന്നതിന് ആദ്യം സിഡ്കോ എന്ന ഏജൻസിയെ ഏല്പിക്കുകയും ടി ഏജൻസി എസ്റ്റിമേറ്റ് എടുക്കാൻ കാലതാമസം വരുത്തിയതിനാൽ ജില്ലാ നിർമ്മിതി കേന്ദ്രത്തെ (തൃശ്ശൂർ) പ്രസ്തുത പ്രവൃത്തി ഏല്പിക്കുകയും ചെയ്തു. അവർ എസ്റ്റിമേറ്റ് എടുത്തു തന്നിരുന്നുവെങ്കിലും സാങ്കേതിക ന്യൂനതകൾ ഉണ്ടായിരുന്നതിനാൽ ആയത് പരിഹരിച്ച് വീണ്ടും എസ്റ്റിമേറ്റ് എടുക്കേണ്ടി വന്നു. ഇക്കാരണങ്ങളാലാണ് പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം നേരിട്ടത്. |

| | | | |
|---|---|---|---|
| (ഡി) | ഈ സാമ്പത്തിക വർഷത്തിനുള്ളിൽ ഏഴരക്കുന്ന് കോളനി സമഗ്ര വികസന പദ്ധതി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## സ്വയംപര്യാപ്ത ഗ്രാമം - പൂർത്തിയാക്കിയ കോളനികളുടെ ലിസ്റ്റ്

| ക്രമ നം. | ജില്ല | കോളനികളുടെ പേര് | |
|---|---|---|---|
| 1 | തിരുവനന്തപുരം | 1 | ഞായലിൽ കോളനി |
| | | 2 | തോന്നയ്ക്കൽകോളനി |
| | | 3 | നെടിയവിള കോളനി |
| 2 | കൊല്ലം | 4 | നിലയ്ക്കൽ കോളനി |
| | | 5 | പ്ലാക്കാട് കോളനി |
| | | 6 | തലച്ചിറ കോളനി |
| 3 | പത്തനംതിട്ട | 7 | പുന്നക്കുന്ന് കോളനി |
| | | 8 | മീൻകുഴി കോളനി |
| 4 | ആലപ്പുഴ | 9 | നരിയാണ്ടി കോളനി |
| 5 | ഇടുക്കി | 10 | സാന്റോസ് പട്ടികജാതി കോളനി |
| 6 | കോട്ടയം | 11 | കൊശമറ്റം കോളനി |
| 7 | എറണാകുളം | 12 | പോത്തോളി കോളനി |
| | | 13 | തിരുനാരായണപുരം കോളനി |
| | | 14 | മിനി അംബേദ്ക്കർ കോളനി |
| | | 15 | പായിപ്ര കോള്നി |
| 8 | പാലക്കാട് | 16 | കിഴക്കേത്തറ കോളനി |
| | | 17 | പൂളപ്പറമ്പ് കോളനി |
| 9 | വയനാട് | 18 | കൊറ്റുകുളം കോളനി |
| 10 | കാസർഗോഡ് | 19 | കിദൂർ കുണ്ടങ്ങാരടുക്ക കോളനി |

സെക്ഷൻ ഓഫീസർ